**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1202** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. വി. ഇബ്രാഹിം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. നവാസ്

ശ്രീ. ഫൈസൽ ബാബു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊഫ. എം.എ.ഖാദർ ചെയർമാനായ കമ്മിറ്റി 2019, 2022 വർഷങ്ങളിലായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിലെ നിർദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. സ്കൂൾ ഏകീകരണം അടക്കം വിദ്യാഭ്യാസരംഗത്തെ ഘടനാപരമായ മാറ്റങ്ങൾ സംബന്ധിച്ച നിർദേശങ്ങളും, പ്രീസ്കൂൾ / സ്കൂൾ പ്രവേശന പ്രായം, സ്കൂൾ വിദ്യാഭ്യാസ ഘട്ടങ്ങൾ, നിയന്ത്രണവും മോണിറ്ററിങ്ങും, വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ, അധ്യാപക യോഗ്യത, അധ്യാപക പരിശീലനം എന്നിവ സംബന്ധിച്ച നിർദേശങ്ങളുമാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലുള്ളത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ സ്കൂൾ ഏകീകരണവുമായി ബന്ധപ്പെട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ ഏകീകൃത സ്പെഷ്യൽ റൂളിന്റെ കരട് തയ്യാറാക്കിയിരുന്നു. പ്രസ്തുത കരട് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവെങ്കിലും പുതിയ സർക്കാർ ചുമതലയേറ്റ സാഹചര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**(ബി)** ഇക്കാര്യത്തിൽ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുടെ അഭിപ്രായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബഹു. പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.07.2026 ന് അംഗീകൃത പ്രൈവറ്റ് സ്കൂൾ അസോസിയേഷനുകളുമായും 08.07.2026 ന് അംഗീകൃത അദ്ധ്യാപക സംഘടനകളുമായും നടത്തിയ യോഗങ്ങളിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കരണങ്ങൾ സംബന്ധിച്ച അഭിപ്രായം തേടിയിട്ടുണ്ട്.

**(സി)** സ്കൂളുകളിൽ ലൈബ്രേറിയൻമാരുടെ തസ്തിക സൃഷ്ടിക്കാൻ ആലോചനയുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ഡി)** അദ്ധ്യാപകരുടെ യോഗ്യതകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**